(സി) ഓരോ ഇനവും കൃഷിചെയ്യുന്ന എക്കർ.

	൧൯൭൫
നെല്ല്	൪൭.൦൦ ഏക്കർ
കരിമ്പ്	൧.൫൦ ,,
കൈതച്ചക്ക	൧.൫൦ ,,
നേന്ത്രവാഴ	൩.൦൦ ,,

സ്ഥലത്തു കൃഷിചെയ്യ.

(ഡി) ൧൯൭൫-ൽ

	ക.	ണ.	സ.
നെല്ല്	൪,൩൩൩	൧൦	൦
കരിമ്പ്	൭൪൩	൭	൦
കൈതച്ചക്ക	൫൭൩	൧൫	൫
നേന്ത്രവാഴ	൫,൫൩൫	൪	൩

(ഇ) ൧൯൭൫.

	ക.	ണ.	സ.
നെല്ല്	൩, ൭൭൧	൧൫	൩
കരിമ്പ്	൧, ൦൫൪	൪	൩
കൈതച്ചക്ക	൭൩൦	൧൪	൫
നേന്ത്രവാഴ	൧, ൭൩൫	൫	൧൧

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: കൈതച്ചക്കയിലും നേന്ത്രവാഴയിലും നഷ്ടം വരാനുള്ള കാരണമെന്താണ്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അങ്ങിനെ വരാനുള്ള കാരണം എന്താണെന്നു് പറയാൻ സാദ്ധ്യമല്ല.

ROAD CONNECTING HERBERT BRIDGE, KARANCHIRA AND CHERPU—TRIPRAYAR ROAD

347. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതമെന്നു് മറുപടി പറയാമോ —

(എ) കരഞ്ചിറ "ഹെർബർട്ട് ബ്രിഡ്ജ്" പണി തീർത്തതു് പാലത്തിന്റെ പടിഞ്ഞാറുഭാഗത്തു അധിവസിക്കുന്ന ജനങ്ങളുടെ യാത്രാസൌകര്യങ്ങൾക്കുകൂടി ഉദ്ദേശിച്ചല്ലെ;

(ബി) ചേർപ്പു്-തൃപ്രയാർ റോഡിലേക്കു് ഒരു P. W. D. റോഡില്ലാത്തതുകൊണ്ടു് ആ നാട്ടുകാർ വളരെ യാത്രക്ലേശങ്ങൾ അനുഭവിക്കുന്നുണ്ടെന്നു് ഗവൺമെന്റു് ധരിച്ചിട്ടുണ്ടോ;

(സി) റോഡു ബോർഡു് കമ്മിറ്റിക്കാർ ഏതുകൊല്ലത്തിലാണു് പ്രസ്തുത വഴിയുടെ അത്യാവശ്യകതയെ സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ടുചെയ്തിട്ടുള്ളതു്;

(ഡി) ഈ റോഡുപണി ഇതുവരെ തുടങ്ങാത്തതിനു പ്രത്യേക കാരണങ്ങൾ ഉണ്ടോ?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) അതെ.

(ബി) പാലത്തിന്റെ പടിഞ്ഞാറുഭാഗത്തു് തൃപ്രയാർ റോഡിലേക്കു ഇപ്പോൾ ഒരു പഞ്ചായത്തു റോഡു് ഉണ്ടു്. കൂടുതൽ ഉപയോഗപ്രദമായ ഒരു റോഡു് തുറക്കുന്നതു നന്നായിരിക്കും.

(സി) ൧൯൭൫-ൽ ഈ റോഡുകാര്യത്തെപ്പറ്റി റോഡു ബോർഡു് കമ്മിറ്റിക്കാർ ആലോചിക്കുകയുണ്ടായി. പക്ഷെ ഇതിനേക്കാൾ കൂടുതൽ പ്രാധാന്യമുള്ള പണികൾ ചെയ്യേണ്ടതുണ്ടായിരുന്നതുകൊണ്ടു് റോഡു് ബോർഡിന്റെ ഇത്തവണത്തെ പ്രോഗ്രാമിൽ ഈ പണികൾ പെടുത്തിയിട്ടില്ല.

(ഡി) സി ഖണ്ഡത്തിലെ മറുപടി നോക്കുക.

COMPLAINT AGAINST MR. P. K. ABDULLA, Ex. ASSISTANT SUPPLY OFFICER

348. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെന്റു് സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly